അനുബന്ധം - എച്ച് 4

നമ്പർ: DMOH-KKD/1048/2023-A6 (1) തീയതി : 23-04-2025

നോട്ടീസ്

ശ്രീമതി. ടീഷ. സി. പി, നഴ്സിംഗ് ഓഫീസർ, സർക്കാർ ജനറൽ ആശുപത്രി, കോഴിക്കോട് (വെസ്റ്റ് മാവേണ്ടേരി പറമ്പ്, വെസ്റ്റ് നടക്കാവ്, കോഴിക്കോട്- 673011) എന്നവരുടെ അറിവിലേയ്ക്കായി പ്രസിദ്ധപ്പെടുത്തുന്നത് എന്തെന്നാൽ താങ്കൾ പ്രൊബേഷൻ കാലയളവിൽ അനധികൃതമായി ജോലിയിൽ നിന്നും വിട്ടുനിന്നതിനാൽ 1958 ലെ കേരള സ്റ്റേറ്റ് & സബോർഡിനേറ്റ് സർവീസ് റൂൾസിലെ ബന്ധപ്പെട്ട ചട്ടങ്ങൾ പ്രകാരം താങ്കളുടെ പ്രൊബേഷൻ അവസാനിപ്പിക്കുന്നതിനും സർവീസിൽ നിന്നും നീക്കം ചെയ്യാനും താൽക്കാലികമായി തിരുമാനിച്ചുകൊണ്ട് ഒരു കാരണം കാണിക്കൽ നോട്ടീസ് നമ്പർ: DMOH-KKD/1048/2023-A6 തീയ്യതി 20/02/2025 പ്രകാരം അവസാനമായി അറിവുള്ള താങ്കളുടെ മേൽവിലാസത്തിൽ രേഖാമൂലം അയക്കുകയുണ്ടായി. എന്നാൽ താങ്കൾ കൈപ്പറ്റാതെ മേൽപ്പറഞ്ഞ കാരണം കാണിക്കൽ നോട്ടീസ് അടങ്ങിയ കവർ പോസ്റ്റൽ അധികാരികൾ LEFT INDIA എന്ന് രേഖപ്പെടുത്തി മടക്കി അയച്ചു തന്നിട്ടുണ്ട്. ആയതിനാൽ ഈ നോട്ടീസ് പ്രസിദ്ധീകരിച്ച് 15 ദിവസത്തിനകം താങ്കൾക്കെതിരായി സ്വീകരിച്ചിട്ടുള്ള അച്ചടക്കനടപടികൾക്കെതിരായി താങ്കളുടെ പ്രതിവാദപത്രികയോ വിശദീകരണമോ ഈ ഓഫീസിൽ ലഭിക്കാത്ത പക്ഷം താങ്കൾക്ക് ഇക്കാര്യത്തിൽ ഇനിയൊന്നും ബോധിപ്പിക്കാനില്ല എന്ന നിഗമനത്തിൽ നടപടികൾ തുടരുന്നതാണെന്നുള്ള വിവരം താങ്കളുടെ ശ്രദ്ധയിൽപ്പെടുത്തുന്നു. മേൽപ്പറഞ്ഞ കാരണം കാണിക്കൽ നോട്ടീസിന്റെ മുഴുവൻ ഭാഗങ്ങളും നിശ്ചയിക്കപ്പെട്ട തീയതിക്കുള്ളിൽ പ്രവർത്തി ദിവസങ്ങളിൽ ഈ ഓഫീസിൽ നിന്ന് നേരിട്ടോ അല്ലെങ്കിൽ ശരിയായ മേൽ വിലാസം സഹിതം രേഖാമൂലം അപേക്ഷിക്കുകയാണെങ്കിൽ തപാൽ മാർഗ്ഗമോ താങ്കൾക്ക് ലഭ്യമാക്കുന്നതാണ്

ജില്ലാ മെഡിക്കൽ ഓഫീസർ (ആരോഗ്യം)
കോഴിക്കോട്

Signed by
Rajendran N
Date: 23-04-2025 09:42:56

സ്വീകർത്താവ്:

ശ്രീമതി. ടീഷ. സി. പി
(നഴ്സിംഗ് ഓഫീസർ, സർക്കാർ ജനറൽ ആശുപത്രി,കോഴിക്കോട്)
വെസ്റ്റ് മാവേണ്ടേരി പറമ്പ്, വെസ്റ്റ് നടക്കാവ്
കോഴിക്കോട്- 673011